# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

**പി.ആർ.ഒ/35/248/2016** **<u>പത്രക്കുറിപ്പ്</u>** **2016 നവംബർ 19**

**പരീക്ഷാ തീയതി**
എം.എ/എം.എസ്.സി/എം.കോം ഒന്നും രണ്ടും സെമസ്റ്റർ (പ്രൈവറ്റ്)/രണ്ടാം സെമസ്റ്റർ റഗുലർ-നോൺ സി.എസ്.എസ് - 2012ന് മുൻപുള്ള അഡ്മിഷൻ കോളജ് ഗോയിംഗ്) സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷകൾ നവംബർ 30ന് ആരംഭിക്കും. ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

**അപേക്ഷാ തീയതി**
ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് (2015) പരീക്ഷയുടെ ഫലം തടഞ്ഞുവെച്ച വിദ്യാർത്ഥികൾക്ക്, നവംബർ 24 വരെ പിഴയില്ലാതെ ഫീസടച്ച് സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് അപേക്ഷിക്കാം.

**പ്രാക്ടിക്കൽ പരീക്ഷ**
മൂന്നാം സെമസ്റ്റർ ബി.എസ്.സി മൈക്രോബയോളജി ആന്റ് ബയോടെക്നോളജി (സി.ബി.സി.എസ്.എസ് - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 22 മുതൽ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നടത്തും.

**പരീക്ഷാ ഫലം**
2015 ഡിസംബർ, 2016 ജൂൺ മാസങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റൻസീവ് റിസെർച്ച് ഇൻ ബേസിക് സയൻസസിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ രീതിയിൽ നടത്തിയ ഒൻപതും, പത്തും സെമസ്റ്റർ പഞ്ചവൽസര ഇന്റഗ്രേറ്റഡ് ഇന്റർഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2016 ഫെബ്രുവരി മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 1 വരെ സ്വീകരിക്കും.

**പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ**
പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയ്ക്ക് അപേക്ഷിച്ചിട്ടുള്ളവർക്കായി കോഴ്സ് ഒന്ന്, കോഴ്സ് രണ്ട് എഴുത്ത് പരീക്ഷകൾ കോട്ടയം സി.എം.എസ് കോളജിൽ വച്ച് യഥാക്രമം ഡിസംബർ 10, 2017 ജനുവരി 7 തീയതികളിലും, കോഴ്സ് മൂന്ന് പരീക്ഷ ബന്ധപ്പെട്ട ഗവേഷണ കേന്ദ്രങ്ങളിൽ ജനുവരി 14നും നടത്തുവാനായി പുനക്രമീകരിച്ചു. പരീക്ഷാ സമയം ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ. ഹാൾടിക്കറ്റ് ഡിസംബർ 6 മുതൽ സർവ്വകലാശാല വെബ് സൈറ്റിൽ നിന്ന് ഡൗൺ ലോഡ് ചെയ്യാം. കോഴ്സ് ഒന്നിന്റെയും രണ്ടിന്റെയും ഇന്റേണൽ മാർക്കുകൾ ബന്ധപ്പെട്ട സ്ഥാപനമേധാവിയുടെ ഒപ്പോടുകൂടി ജനുവരി 4ന് മുൻപ് സർവ്വകലാശാലയിൽ ലഭിക്കണം. കോഴ്സ് മൂന്നിന്റെ ഇന്റേണൽ/എക്സ്റ്റേണൽ മാർക്കുകൾ സർവ്വകലാശാലയിൽ ജനുവരി 30നകം ലഭിക്കണം. ഇന്റേണൽ മാർക്കുകൾ യഥാസമയം സമർപ്പിക്കാത്ത കേന്ദ്രങ്ങൾ 10 ദിവസം വരെ ഒരു വിദ്യാർത്ഥിക്ക് 500 രൂപയും അതിന് ശേഷം ഫലം പ്രഖ്യാപിക്കുന്നതുവരെ 1000 രൂപയും പിഴയൊടുക്കണം. ഫലം പ്രഖ്യാപിച്ചതിന് ശേഷം ഇന്റേണൽ മാർക്കുകൾ സ്വീകരിക്കുന്നതല്ല.

**പ്രിൻസിപ്പൽമാരുടെ ശ്രദ്ധയ്ക്ക്**
അഫിലിയേറ്റഡ് ആർട്സ് ആന്റ് സയൻസ് കോളജുകളിലെ പ്രിൻസിപ്പൽമാർ തങ്ങളുടെ കോളജുകളിലുള്ള അദ്ധ്യാപകർ ഒന്നും രണ്ടും മൂന്നും സെമസ്റ്റർ പി.ജി കോഴ്സുകളുടെ (അഡീഷണൽ എക്സാമിനർ, ചീഫ് എക്സാമിനർ, ചെയർപേഴ്സൺ) മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകൾ നവംബർ 28ന് ഉച്ചയ്ക്ക് മുൻപ് ബന്ധപ്പെട്ട കോളജ് ഓഫീസുകളിലോ, വാല്യുവേഷൻ ക്യാമ്പുകളിലോ, യൂണിവേഴ്സിറ്റിയിലോ (മോണിട്ടറിംഗ് സെല്ലിൽ) തിരികെ ഏൽപ്പിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**